"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കോവിഡ് -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടക ഇളവ് നൽകുന്നത് - ശ്രീമതി ബദറുന്നിസ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി(സി)നം.17944/2020 നമ്പർ കേസിലെ വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐഎ) വകുപ്പ്

സ.ഉ.(സാധാ) നം.211/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/01/2021

പരാമർശം:- 1) ശ്രീമതി.ബദറുന്നിസ 24.07.2020 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച നിവേദനം.

2) 29.06.2020 തീയതിയിലെ സ.ഉ(സാധാ)നം.1278/2020തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

3) ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി(സി)നം. 17944/2020 നമ്പർ കേസിന്റെ 26.08.2020 തീയതിയിലെ വിധിന്യായം.

ഉത്തരവ്

വിശാല കൊച്ചി വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മറൈൻ ഡ്രൈവ് 1, 2 ബങ്കുകൾ വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീമതി ബദറുന്നിസ, കോവിഡ് -19 ഭീഷണി ഒഴിയുന്നതു വരെ വാടക നൽകുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി(സി)നം.17944/2020 നമ്പർ കേസിൽ പരാമർശം (3) പ്രകാരം ബഹു.ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിൽ, അപേക്ഷക സമർപ്പിച്ച എക്സിബിറ്റ്.പി.6 നിവേദനത്തിലെ ആവശ്യം പരിഗണിച്ച് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് ഒരു മാസത്തിനകം ഉത്തരവാകണമെന്ന് ഒന്നാം എതിർകക്ഷി ആയ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവായി.

2) ശ്രീമതി. ബദറുന്നീസ സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ (എക്സിബിറ്റ്.പി.6) ലോക്ക്ഡൗൺ കാലയളവിൽ ടിയാൾ വാടകയ്ക്കെടുത്ത ബങ്കുകളിൽ നിന്നുള്ള വരുമാനം നിലച്ചതായും അതിനാൽ വാടക ഒഴിവാക്കി നല്കാൻ ജിസിഡിഎ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചപ്പോൾ 23/07/2020-ബഹു.സെക്രട്ടറി ഉത്തരവായിട്ടുള്ളതും അതുപ്രകാരം ഏപ്രിൽ മെയ് മാസങ്ങളിലെ വാടക മാത്രം ഒഴിവാക്കി മാർച്ച്, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ വാടക അടവാക്കണമെന്നു ജിസിഡിഎ-യിൽ നിന്നും നിർദ്ദേശം ലഭിച്ചതായും ആയതിനാൽ കോവിഡ് 19 ഭീഷണി ഒഴിയുന്നതുവരെ വാടക നൽകുന്നതിൽ നിന്നും ഒഴിവാക്കണമെന്നുമാണ് അപേക്ഷിച്ചിട്ടുള്ളത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ശ്രീമതി. ബദറുന്നീസയ്ക്ക് വാടക ഇളവ് നൽകുന്നതിൽ തീരുമാനമെടുക്കുവാൻ വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിക്ക് അനുമതി

(PTO)

നൽകി, ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീമതി ബദറുന്നിസ, ഫയൽ ചെയ്ത റിട്ട് ഹർജി(സി) നം.17944/2020 നമ്പർ കേസിലെ 26.08.2020-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
ശ്രീമതി ബദറുന്നിസ, W/o Late സിറാജ്. റ്റി. എ, കൊങ്ങോർപ്പള്ളിൽ വീട്, പനങ്ങാട് പി.ഒ, എറണാകുളം-682 506.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ